"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സ്വരാജ് ഭവനിൽ അഞ്ചാം നിലയിലെ തദ്ദേശസ്വയംഭരണ വിജിലൻസിന്റെ സ്ഥലം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്ന പദ്ധതിയുടെ കൺട്രോൾ റൂം സ്ഥാപിക്കുന്നതിലേക്കായി ഏറ്റെടുത്ത് ശുചിത്വ മിഷന് കൈമാറുന്നതിന് ഗ്രാമ വികസന കമ്മീഷണർക്കു നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.733/2021/LSGD തീയതി, തിരുവനന്തപുരം, 20/03/2021

---

പരാമർശം:- 1 20.10.2020-ലെ GO (Rt) No.1967/2020/LSGD നമ്പർ ഉത്തരവ്.

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.01.2021-ലെ 2894/D1/2020/SMനമ്പർ കത്ത്.

3 ഗ്രാമവികസന കമ്മീഷണറുടെ 18.02.2021-ലെ 14120/AC&AD3/08/CRD(2) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഹരിതകേരളം മിഷന്റെ മേൽനോട്ടത്തിൽ കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചെടുക്കുന്ന സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായി ഏകോപിപ്പിക്കുന്നതിന് ഒരു കൺട്രോൾ റൂം സ്ഥാപിക്കേണ്ടതായുണ്ട് എന്നും ആയതിലേയ്ക്കായി കുറഞ്ഞത് 500 ചതുരശ്ര അടി സ്ഥലം ആവശ്യമായിട്ടുണ്ട് എന്നും സ്വരാജ് ഭവനിൽ പ്രസ്തുത കൺട്രോൾ റൂം സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്ന പദ്ധതിയുടെ കൺട്രോൾ റൂം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സ്വരാജ് ഭവനിൽ നിലവിൽ ലഭ്യമല്ല എന്നും സ്വരാജ് ഭവനിൽ അഞ്ചാം നിലയിൽ തദ്ദേശസ്വയംഭരണ വിജിലൻസിന്റേതായ സ്ഥലം കാര്യമായ ഓഫീസ് പ്രവർത്തനങ്ങൾ ഇല്ലാതെ നിലവിലുണ്ടെന്നും ആയത് പ്രസ്തുത ആവശ്യത്തിന് പര്യാപ്തമാണെങ്കിൽ ശുചിത്വ മിഷനുമായി ആലോചിച്ച് ആയതു സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണെന്നും എസ്റ്റേറ്റ് ഓഫീസർ കൂടിയായ ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വരാജ് ഭവനിൽ അഞ്ചാം നിലയിൽ തദ്ദേശസ്വയംഭരണ വിജിലൻസിന്റെതായ ഏകദേശം 500 ചതുരശ്ര അടി സ്ഥലം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ

ചെയ്യുന്ന പദ്ധതിയുടെ കൺട്രോൾ റൂം സ്ഥാപിക്കുന്നതിലേക്കായി ഏറ്റെടുത്ത് ശുചിത്വ മിഷന് കൈമാറുന്നതിന് എസ്റ്റേറ്റ് ഓഫീസർ കൂടിയായ ഗ്രാമ വികസന കമ്മീഷണർക്കു നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
DEPUTY SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്